# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1055** **10.08.2017 ൽ മറുപടിക്ക്**

**നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം**

| ചോദ്യം<br>ശ്രീ.എം.സ്വരാജ് | ഉത്തരം<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് അറിയിക്കുമോ; | (എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ക്വാളിറ്റി ഓഡിറ്റിംഗ് നിലവിലെ പൊതുമരാമത്ത് വകുപ്പ് മാന്വൽ അനുസരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലായി എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ ക്വാളിറ്റി കൺട്രോൾ റീജിയണൽ ലാബുകളും, മറ്റ് എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകളും പ്രവർത്തനം നടപ്പാക്കി വരുന്നു. പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികളുടെ ബില്ലിനോടൊപ്പം ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ഗുണനിലവാരം സംബന്ധിച്ചുള്ള സർട്ടിഫിക്കറ്റുകളുടെയും അടിസ്ഥാനത്തിലാണ് പ്രവൃത്തികളുടെ പേയ് മെന്റ് നൽകുന്നത്.<br>പ്രാഥമിക ഗുണനിലവാര പരിശോധന നിർമ്മാണ പ്രവൃത്തിയുടെ ചുമതലയുള്ള ഫീൽഡ് ഓഫീസറുടെ മേൽനോട്ടത്തിൽ കരാറുകാർ അംഗീകൃത ലാബുകളിൽ നടത്തേണ്ടതും, രണ്ടാംഘട്ട ഗുണനിലവാര പരിശോധന, ക്വാളിറ്റി കൺട്രോൾ ലാബുകളിലെ ഉദ്യോഗസ്ഥർ റാൻഡമായി നടത്തി റിപ്പോർട്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും ചീഫ് എഞ്ചിനീയർമാർക്കും അയച്ചു കൊടുക്കുന്നതാണ്. ഇത് |

കൂടാതെ 5 കോടിക്ക് മുകളിൽ അടങ്കൽ തുക വരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം ആവശ്യാനുസരണം പൊതുമരാമത്ത് വകുപ്പിന് പുറത്തുള്ള വിദഗ്ധരുടെ നേതൃത്വത്തിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്. തൃപ്തികരമല്ലാത്ത പരിശോധന ഫലങ്ങൾ തുടർ നടപടികൾക്കായി വിജിലൻസ് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്ക് അയച്ച് കൊടുക്കുന്നു.

(ബി) നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് കൂടുതൽ നടപടികൾ സ്വീകരിക്കുവാൻ ആലോചിക്കുന്നുണ്ടോ;

(സി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

(ബി) & (സി) ഉണ്ട്. ഗുണ നിലവാര പരിശോധന ശക്തിപ്പെടുത്തുന്നതിനും, ഗുണനിലവാരം ഉറപ്പാക്കുന്നതിനും താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ച് വരുന്നു.

1. <u>മൊബൈൽ ലബോറട്ടറി</u>

നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലത്ത് നേരിട്ട് പരിശോധന നടത്തി ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി ആവശ്യമായ ഉപകരണങ്ങൾ സജ്ജീകരിച്ച് മൊബൈൽ ലബോറട്ടറി ലാബുകൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി പുരോഗമിച്ച് വരുന്നു.

2. <u>ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്</u>

ക്വാളിറ്റി കൺട്രോൾ റീജിയണൽ ലബോറട്ടറികളുമായി ബന്ധിച്ച് ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് സ്ഥാപിക്കുവാനുള്ള നടപടിയും പുരോഗമിച്ച് വരുന്നു. കൃത്യതയുള്ള ഇൻവെസ്റ്റിഗേഷൻ പൊതുമരാമത്ത് വകുപ്പ് സ്വന്തമായി നടത്തുന്നത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് സഹായിക്കും.

**സെക്ഷൻ ഓഫീസർ**